"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ല - 30.07.2024-ൽ വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച ദുരിതബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പ്

സ.ഉ.(സാധാ) നം.1593/2025/RD തീയതി,തിരുവനന്തപുരം02-07-2025

പരാമർശം:-
1. സ.ഉ.(സാധാ)നം.2468/2024/റവ തീയതി 14.10.2024.
2. സ.ഉ.(സാധാ)നം.2896/2024/റവ തീയതി 04.12.2024.
3. സ.ഉ.(സാധാ)നം.189/2025/റവ തീയതി 22.01.2025.
4. സ.ഉ.(സാധാ)നം.480/2025/റവ തീയതി 23.02.2025.
5. സ.ഉ.(സാധാ)നം.809/2025/റവ തീയതി 2.04.2025.
6. സ.ഉ.(സാധാ)നം.1163/2025/റവ തീയതി 14.05.2025.
7. കോഴിക്കോട് ജില്ലാ കളക്ടറുടെ 23.06.2025-ലെ DCKKD/10624/2024-D1 നമ്പർ കത്ത്.

ഉത്തരവ്

വിലങ്ങാട് ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക്, വാടകയിനത്തിൽ അനുവദിക്കേണ്ടതായ തുക, പ്രതിമാസം ₹6000 രൂപ നിരക്കിൽ, 2025 എപ്രിൽ മാസം വരെയുള്ളത് കാലാകാലങ്ങളിലുള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുകയുണ്ടായി.

2) വടകര തഹസിൽദാർ ലഭ്യമാക്കിയ പട്ടിക പ്രകാരം വാടക ഇനത്തിൽ തുക അനുവദിക്കേണ്ട 46 കുടുംബങ്ങൾക്ക് മെയ് മാസത്തെ വാടകയിനത്തിൽ വിതരണം ചെയ്യുന്നതിനാവശ്യമായ 2,76,000/- രൂപ (രണ്ട് ലക്ഷത്തി എഴുപത്തിയാറായിരം രൂപ മാത്രം) അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (7) പ്രകാരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. 2025 മാർച്ച്, ഏപ്രിൽ മാസത്തെ വാടകയിനത്തിൽ അനുവദിച്ച തുക മുഴുവനായും വിതരണം ചെയ്തിട്ടുള്ളതായി വടകര തഹസിൽദാർ അറിയിച്ചിട്ടുണ്ടെന്നും വാടക ഇനത്തിൽ ലഭ്യമായ ഫണ്ട് മുഴുവനും വിനിയോഗിച്ചു കഴിഞ്ഞതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച 46 കുടുംബങ്ങൾക്ക് മെയ് മാസത്തെ വാടകയിനത്തിൽ വിതരണം ചെയ്യുന്നതിനാവശ്യമായ 2,76,000/- (രണ്ട് ലക്ഷത്തി എഴുപത്തിയാറായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു ഉത്തരവാക്കുന്നു.

4) വാടകയിനത്തിൽ വിതരണം ചെയ്യുന്നതിനാവശ്യമായ 2,76,000/- രൂപ മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP 80 -ാം നമ്പർ അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതാണ്. കോഴിക്കോട് ജില്ലാ കളക്ടർ തുടർനടപടി സ്വീകരിച്ചു താമസംവിനാ സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASHREE T K

സ്പെഷ്യൽ സെക്രട്ടറി

ലാൻഡ് റവന്യു കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോഴിക്കോട്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് .

ബഹു. റവന്യു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് .

റവന്യു വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക് .

റവന്യു വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ദുരന്ത നിവാരണ (എ) വകുപ്പ്

ഡി.ആർ.എഫ്. (ബി/സി) വകുപ്പുകൾക്ക് .

വിവര പൊതുജന (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് വകുപ്പ്(REV-DRF-A2/78/2024-REV)

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 03-07-2025 10:07:04

സെക്ഷൻ ഓഫീസർ